പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം.

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം.*247.

2.4.2013- ൽ
മറുപടിയ്ക്ക്

ഉന്നത വിദ്യാഭ്യാസ വികസനത്തിനായി പുതിയ പദ്ധതി.

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.റ്റി.എൻ.പ്രതാപൻ :<br>ശ്രീ.ജോസഫ് വാഴയ്ക്കൻ :<br>ശ്രീ.ബെന്നിബഹനാൻ :<br>ശ്രീ.വി.ഡി.സതീശൻ : | ശ്രീ.പി.കെ.അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) ഉന്നത വിദ്യാഭ്യാസ രംഗത്തെ വികസനത്തിനായി പുതിയ പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ; | (എ) ഉന്നത വിദ്യാഭ്യാസ വികസനത്തിനായി പല പുതിയ പദ്ധതികളും നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. കേരള സാങ്കേതിക സർവ്വകലാശാല രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിൽ ഐ.ഐ.ടി സ്ഥാപിക്കാനുള്ള പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നു. ഉന്നത വിദ്യാഭ്യാസ വികസനത്തിനായി കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല, സെന്റർ ഫോർ കമ്മ്യൂണിക്കേഷൻ ടെക്നോളജീസ് , സെന്റർ ഫോർ മോഡലിങ് ഓഫ് റീജനൽ ക്ലൈമറ്റ് ചേയ്ഞ്ച് ആന്റ് അഡാപ്റ്റേഷൻ എന്നീ സെന്ററുകൾ തുടങ്ങാൻ ഉദ്ദേശിക്കുന്നു. |
| (ബി) പ്രസ്തുത പദ്ധതിയുടെ പഠന റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കുമോ ; | (ബി) യും (സി) യും. കേരള സാങ്കേതിക സർവ്വകലാശാല രൂപീകരിക്കുന്നതിനുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. കേരള സാങ്കേതിക സർവ്വകലാശാല സംസ്ഥാന സർക്കാരിന്റെ പദ്ധതിയായാണ് ആവിഷ്കരിച്ചിട്ടുള്ളത്. ഐ.ഐ.ടി സ്ഥാപിക്കുന്നതിന് നയപരമായി തീരുമാനമായിട്ടില്ല.<br><br>കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല തുടങ്ങാനുദ്ദേശിക്കുന്ന പദ്ധതികളുടെ പഠന റിപ്പോർട്ടുകൾ തയ്യാറാക്കിയിട്ടുണ്ട്. സെന്റർ ഫോർ കമ്മ്യൂണിക്കേഷൻ ടെക്നോളജീസ് എന്ന പദ്ധതി കേന്ദ്ര സർക്കാരിന്റെ |

ഇൻഫർമേഷൻ ടെക്നോളജി വകുപ്പിലും സെന്റർ ഫോർ മോഡലിങ് ഓഫ് റീജനൽ ക്ലൈമറ്റ് ചേയ്ഞ്ച് ആന്റ് അഡാപ്റ്റേഷൻ എന്ന പദ്ധതി കേന്ദ്ര സർക്കാരിന്റെ മാനവശേഷി വികസന വകുപ്പിലും ധനസഹായത്തിനായി നൽകിയിട്ടുണ്ട്.

(സി) പദ്ധതി നടപ്പാക്കുന്നതിന് കേന്ദ്ര സർക്കാരിൽ നിന്നും ധന സഹായം ലഭിക്കുന്നതിന് റിപ്പോർട്ട് നൽകിയിട്ടുണ്ടോ ;

(ഡി) പദ്ധതിയുടെ മുതൽമുടക്ക് എത്രയാണ് ; വിശദമാക്കുമോ ;

(ഡി) സാങ്കേതിക സർവ്വകലാശാലയുടെ രൂപീകരണത്തിനായി 150 ലക്ഷം രൂപ 2012 -13 വർഷത്തെ ബജറ്റിൽ അംഗീകരിച്ചിട്ടുണ്ട്. ഐ.ഐ.ടിയ്ക്ക് ബജറ്റിൽ 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയുടെ സെന്റർ ഫോർ കമ്മ്യൂണിക്കേഷൻ ടെക്നോളജീസിന്റെ മുതൽ മുടക്ക് 1497.2 ലക്ഷം രൂപയും സെന്റർ ഫോർ മോഡലിങ് ഓഫ് റീജനൽ ക്ലൈമറ്റ് ചേയ്ഞ്ച് ആന്റ് അഡാപ്റ്റേഷന്റെ മുതൽമുടക്ക് 997 ലക്ഷം രൂപയുമാണ്.

(ഇ) പദ്ധതി സംസ്ഥാനത്ത് ഏതെല്ലാം സർവ്വകലാശാലകളിലാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ ?

(ഇ) സാങ്കേതിക സർവ്വകലാശാലയുമായി ബന്ധപ്പെട്ട പദ്ധതി ഏതെല്ലാം സർവ്വകലാശാലകളിലാണ് നടപ്പാക്കുന്നത് എന്നതിനെപ്പറ്റി തീരുമാനം കൈക്കൊണ്ടിട്ടില്ല. കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയുടെ പദ്ധതികൾ പ്രസ്തുത സർവ്വകലാശാലയിലാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്.

സെക്ഷൻ ഓഫീസർ